നം. എം4/ 50935/ 2011/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം , തീയതി. 4/11/2011

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- ബഹു:മുഖ്യമന്ത്രി, സംസ്ഥാനത്തെ സ്കൂൾ പ്രധാനാധ്യാപകർക്കെഴുതിയ കത്ത്.

സൂചന :- ബഹു:മുഖ്യമന്ത്രിയുടെ 2.8.2011 ലെ കത്ത്

ഇതൊന്നിച്ചുള്ള ബഹു:മുഖ്യമന്ത്രിയുടെ കത്തിന്റെ പകർപ്പ് എല്ലാ സ്കൂൾ പ്രധാനാധ്യാപകർക്കും എത്തിച്ചു കൊടുക്കേണ്ടതും അതിൽ പ്രതിപാദിച്ചിട്ടുള്ള വസ്തുതകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

വിശ്വസ്തതയോടെ

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

ഉമ്മൻ ചാണ്ടി
മുഖ്യമന്ത്രി
കേരളം

2.811

പ്രിയപ്പെട്ട ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്,

പുകവലിയുടെയും പാൻപരാഗ് ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെയും ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം കുട്ടികളുടെ ഇടയിൽ വർധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. ഇവയുടെ ഉപയോഗം വലിയൊരു ആരോഗ്യപ്രശ്നവും സാമൂഹിക വിപത്തുമായി മാറിയിരിക്കുന്നു. നമ്മുടെ കുട്ടികൾ ഈയാംപാറ്റകളെപ്പോലെ ഈ ചതിക്കുഴിയിൽ വീണ് ജീവിതം തുലയ്ക്കുന്ന ദയനീയമായ കാഴ്ച കണ്ട് മനംനൊന്താണ് ഞാൻ ഈ കത്ത് എഴുതുന്നത്.

ഇവയുടെ ഉപയോഗം മൂലം ആയിരക്കണക്കിന് ആളുകളാണ് ഇന്ന് കാൻസർരോഗ ബാധിതരായിരിക്കുന്നത്. ഇവരിൽ 45% പുരുഷന്മാരും 15 % സ്ത്രീകളും നേരത്തെ പുകവലിച്ചിരുന്നു എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

കാൻസർ ബാധിച്ചാൽ അതിൽനിന്നു മോചനം നേടുക എളുപ്പമല്ലെന്നു നമുക്കറിയാം. കാൻസറിനുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമല്ല. ചികിത്സയ്ക്കു വേണ്ടിവരുന്ന വലിയ സാമ്പത്തിക ബാധ്യതയും മറ്റു കഷ്ടപ്പാടുകളും എത്രയോ കുടുംബങ്ങളെ തകർത്തിരിക്കുന്നു.

18 വയസിൽ താഴെയുള്ളവർക്കും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സമീപത്തും ഇത്തരം ഉല്പന്നങ്ങൾ വില്ക്കുന്നത് നിരോധിച്ചുകൊണ്ടുള്ള കേന്ദ്രനിയമം സംസ്ഥാനത്ത് കർശനമായി നടപ്പാക്കാൻ സർക്കാർ നിർദേശം നല്കിയിട്ടുണ്ട്. നിയമപരമായി ചെയ്യാവുന്ന മറ്റു നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

ഇതോടൊപ്പം ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ ഉണ്ടാകണമെന്നാണ് എന്റെ അഭിപ്രായം. അതിന് പ്രധാന അധ്യാപകർ തന്നെ നേതൃത്വം വഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂൾ തലത്തിൽ ചെയ്യാവുന്ന ഏതാനും നിർദേശങ്ങൾ ചുവടെ.

- ലഹരിപദാർത്ഥങ്ങൾ വില്ക്കുന്ന സ്ഥലവും ഉപയോഗിക്കുന്ന വിദ്യാർത്ഥികളെയും കണ്ടെത്താനുള്ള ചുമതല അധ്യാപകർ ഏറ്റെടുക്കണം. വില്ക്കുന്ന സ്ഥലം സംബന്ധിച്ച വിവരങ്ങൾ പോലീസിനു കൈമാറണം. ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ ശിക്ഷിക്കുന്നതിനു പകരം സ്നേഹവും ഉപദേശവും നല്കി അവരെ പിന്തിരിപ്പിക്കണം. അതുകൊണ്ടും മാറ്റം സംഭവിക്കുന്നില്ലെങ്കിൽ രക്ഷകർത്താക്കളെ അറിയിക്കുക, കൗൺസിലിംഗ് നടത്തുക തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓഫീസ് : സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1
ഫോൺ-ഓഫീസ് : 2333610, 2333812, 2333197, 2332148, 2333214, 2332682, 2332184
ഫാക്സ് : (0471) 2333489 വസതി : (0471) 2345600, 2342602 & (0481) 2351135

- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം മൂലമുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള വാർത്തകളും ലേഖനങ്ങളും മറ്റും ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ വായിക്കുക.

- ഇത്തരം പ്രസിദ്ധീകരണങ്ങൾ ലൈബ്രറിയിൽ വരുത്തുകയും അതു കുട്ടികൾക്ക് ലഭ്യമാക്കുകയും ചെയ്യുക.

- ആവശ്യമുള്ള സ്കൂളുകളിൽ അധ്യാപകരും രക്ഷിതാക്കളും പോലീസും പൊതുജനങ്ങളും ചേർന്നുള്ള സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ച് ശക്തമായ പ്രചാരണം നടത്തുക.

- കൗൺസിലിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുക.

- നാഷണൽ സർവീസ് സ്കീം, എൻസിസി, സ്കൗട്ട് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, തദ്ദേശസ്ഥാപനങ്ങൾ തുടങ്ങിവയുടെ സഹായം തേടാവുന്നതാണ്.

- നെഹ്റുയുവ കേന്ദ്ര, ജില്ലാ മാസ് മീഡിയ ഓഫീസ്, എക്സൈസ് വകുപ്പ്, പോലീസ് വകുപ്പ്, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെയും സഹായം തേടാവുന്നതാണ്.

ഇതോടൊപ്പം ഓരോ സ്കൂളിനും അവരുടേതായ പരിപാടികളും ആവിഷ്കരിക്കാവുന്നതാണ്.

കുട്ടികൾ കുടുംബത്തിന്റെ സ്വത്താണെങ്കിൽ അവർ നാടിന്റെ ആസ്തിയുമാണ്. അവരിലൂടെയാണ് കുടുംബവും നാടും വളരുന്നത്. പോറൽ തട്ടാതെ കുട്ടികളെ വളർത്തേണ്ട ചുമതല എല്ലാവരിലും നിക്ഷിപ്തമാണ്. നിങ്ങളുടെ എല്ലാവിധ സഹായ സഹകരണങ്ങളും ഇക്കാര്യത്തിൽ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവം

2/11/11

ഉമ്മൻ ചാണ്ടി